ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: റീ എംപ്ലോയിഡ് ടീച്ചേഴ്സിന്റെ ശമ്പള വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം 2-3-64-ൽ ഉത്തരവു പുറപ്പെട്ടുവിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ ഉത്തരവിന്റെ അവളിച്ചത്തിൽ റീ എംപ്ലോയിഡ് ടീച്ചേഴ്സിനു് ഇംക്രിമെന്റും, മറ്റാനുകൂല്യങ്ങളും ലഭിക്കുമെന്നാണോ പ്രതീക്ഷിക്കേണ്ടതു്; അതല്ല ഇങ്ങനെ കൊടുത്ത തുക മടക്കി അടയ്ക്കണമെന്നുള്ള സ്ഥിതി വന്നുചേരുമോ? അതൊന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ: പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിക്കാത്ത ആളുകളെ സംബന്ധിച്ചുള്ളതാണു്, ബീ-ഫോം ഉത്തരമായി പറഞ്ഞതു്. ഇടയ്ക്കു് 7-11-62-ലെ ഉത്തരവു മാറ്റി 2-3-64-ൽ പുതിയ ഉത്തരവു് ഉണ്ടായിട്ടുണ്ടെന്നു് പറഞ്ഞു. 2-3-64-ൽ ഉണ്ടായിട്ടുള്ള ഉത്തരവിനു് മുൻകൂട്ടിയുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. എം നാരായണക്കുറുപ്പ്: ഡി. ഇ. ഒ. മാർ തെറ്റായ വ്യാഖ്യാനം കൊടുത്തതുകൊണ്ടു് കൊടുത്തപണം മടക്കിവാങ്ങാതെ നിവൃത്തിയില്ലെന്നു പറഞ്ഞു. ഇങ്ങനെ രണ്ടായിരവും മൂവായിരവും ഉറുപ്പിക മടക്കി വാങ്ങാൻ കൊച്ചിൻപ്രദേശത്തെ അദ്ധ്യാപകരെ സംബന്ധിച്ചു് ഒരു കല്പന പാസ്സാക്കി അതു് നിറുത്തിവച്ചിട്ടുണ്ടെന്നാണു് ഓർമ്മ. ഇക്കാര്യം പുനഃപരിശോധനചെയ്തു് ആക്ഷേപം കേട്ട തീരുമാനത്തുവരെ മടക്കി വാങ്ങുന്ന കൽപ്പനയുടെ പ്രവർത്തനം നിറുത്തിവയ്ക്കാൻ ഗവണ്മെന്റു് തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയുള്ള കേസില്ല. ഇത്ര വലിയ തുകയും വരുകയില്ല. ഡി.ഇ.ഒ. മാർ നൽകിയ തെറ്റായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഏതാനും ഇൻക്രിമെന്റുകൾമാത്രം കൊടുത്ത കേസുകളേയുള്ള. അതു് വലിയ തുക വരുന്ന കേസുകളുമല്ല. വളരെ കഠിനമായി സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നതാണെന്നു ബോദ്ധ്യമായാൽ അതേപ്പറ്റി അന്വേഷിക്കാം.

## സ്റ്റാം ഇൻഡസ്ട്രീസ് കോർപ്പറേഷൻ

* 623. [12] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റു് സ്മാം ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നു സംസ്ഥാപിതമായി;

(ബി) വ്യാവസായിക വികസനത്തിനു് ടി കോർപ്പറേഷൻ നാളതുവരെ ചെയ്തിട്ടുള്ള സേവനങ്ങൾ എന്തെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 1961 ജൂലൈ മാസത്തിൽ.

(ബി) വിവരങ്ങൾ അടങ്ങിയ നോട്ടു് മേശപ്പുറത്തു് വച്ചിരിക്കുന്നു. ‡

ശ്രീ. എൻ. ഭാസ്കരൻനായർ: ഈ കോർപ്പറേഷനിൽ നടത്തിയ നിയമനങ്ങൾ വെളിയിൽനിന്നു് ആളുകളെ വയ്ക്കുകയായിരുന്നുവോ, അതോ സർവ്വീസിലുള്ള ആളുകൾക്കു് പ്രമോഷൻ കൊടുത്തു് നിയമിക്കുകയായിരുന്നുവോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോൾ കുറെയൊക്കെ വെളിയിൽ നിന്നു് ആളുകളെ എടുക്കുന്നുണ്ടു്. കുറെപ്പേരെ ഡിപ്പാർട്ടുമെന്റിൽനിന്നും എടുക്കുന്നുണ്ടു്.

ശ്രീ. കെ. ഹസൻഗനി: സ്മാം ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചില വ്യവസായങ്ങൾ തുടങ്ങുമ്പോൾ അവയ്ക്കു ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണു്; ആ ആനുകൂല്യങ്ങൾ ഇന്നു് സ്മാം ഇൻഡസ്ട്രീസ് വിഭാഗത്തിൽ വന്നിട്ടുള്ള എല്ലാവർക്കും ചെയ്തു കൊടുക്കാൻ കോർപ്പറേഷനെകൊണ്ടു് സാദ്ധ്യമാകുമോ?

‡ Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ പറഞ്ഞാൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പുതിയ ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ ഉണ്ടാക്കുന്നുണ്ട്. അവിടെ ഷെഡ്ഡുകൾ കെട്ടി ചെറുകിട വ്യവസായികൾക്ക് വാടകയ്ക്കു കൊടുക്കുന്നുണ്ട്. അവർക്ക് റോഡ്, ജലസേചനസൗകര്യം, ഇലക്ട്രീസിറ്റിയുടെ സൗകര്യം, റാ മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക, വിദഗ്ദ്ധോപദേശം കൊടുക്കുക ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ പൊതുവിൽ പറഞ്ഞാൽ കോർപ്പറേഷൻ നിർവ്വഹിച്ചു വരുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻഗനി: എന്റെ വീട്ടിനടുത്ത് എന്റെ വൈഫിന്റെ തന്നെ ഒരു കെട്ടിടം സ്വയം ഇൻഡസ്ട്രീസ് തുടങ്ങുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്. ഒരു കൊല്ലമായി മാസം 150 ഉറുപ്പിക വാടകയായും തരുന്നുണ്ട്. ഇത് തുടങ്ങുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നില്ല എന്നതാണ് ആ ഇൻഡസ്ട്രീസ് തുടങ്ങുന്ന ആളുകളുടെ പരാതി. ഇങ്ങനെ ഒരു കൊല്ലമായി വളരെയേറെ പണം മുടക്കി രണ്ടരലക്ഷത്തോളം രൂപയുടെ മെഷിനറി കൊണ്ടുവന്നിട്ട് യാതൊന്നും തുടങ്ങാൻ സാധിക്കാത്ത സാഹചര്യം എങ്ങനെ ഉണ്ടായി; അതു സംബന്ധിച്ച് വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ തീർച്ചയായും ഇതിനെപ്പറ്റി പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിക്കാം. അവിടെ മെഷിനറി വരുത്തുന്നതു് ഏതു് ഇൻഡസ്ട്രീസിനുവേണ്ടിയാണു് എന്നുകൂടി എഴുതി തന്നാൽ കൊള്ളാം.

## റബ്ബർ ഫാക്ടറിയിലേക്ക് വാങ്ങിയ മെഷിനറി

* 624. [13] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 ഏപ്രിൽ ഒന്നാം തീയതിക്കും 1963 മാർച്ച് 31-നും ഇടയിൽ വിദേശങ്ങളിൽനിന്നും തിരുവനന്തപുരം റബ്ബർ ഫാക്ടറിയുടെ ആവശ്യത്തിനുവേണ്ടി ഇറക്കുമതി ചെയ്തിട്ടുള്ള മെഷിനറികൾ എന്തെല്ലാം;

(ബി) ഏതെല്ലാം മെഷിനറികൾ ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്നു;

(സി) ഇതുവരെയും പ്രവർത്തിക്കാത്ത മെഷിനറികൾ ഏതെങ്കിലും ഉണ്ടോ;

(ഡി) ഉണ്ടെങ്കിലതിന്റെ കാരണമെന്തു്;

(ഈ) പ്രസ്തുത മെഷിനറികൾക്ക് എന്തു വില വരും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. *

(ബി) Three Roll Precision Calendar, Mixing Mill, Velo Auto Twin Press, Rubber Extrundar 150 m. m.

എന്നിവ ഒഴികെയുള്ള എല്ലാ മെഷിനറികളും പ്രവർത്തനത്തിലിരിക്കുന്നു.

(സി) ഉണ്ടു്.

(ഡി) Velo Auto Twin Press, Rubber Extrunder 150 m. m. എന്നീ മെഷിനറികൾ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിനാവശ്യമായ വിദ്യുച്ഛക്തി കിട്ടാത്തതുകൊണ്ടു് പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ല. ട്രീ ഫേസ് പ്രിസിഷൻ കലണ്ടർ, മിക്സിംഗ് മിൽ എന്നീ മെഷിനറികൾ ഘടിപ്പിക്കാനുള്ള സ്ഥലസൗകര്യക്കുറവു നിമിത്തം

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

# APPENDIX I

[ *Please see answer to starred question No.* 617 (6) ]

**Statement**

I. MEDICAL COLLEGES

(*a*) *Medical College, Trivandrum.*

| | |
|---|---|
| Boy Students | 715 |
| Girl Students | 268 |

Hostel accommodation has been provided for 384 boys and 136 girls.

(*b*) *Medical College Kozhikode.*

| | |
|---|---|
| Boys | Intake 180 yearly. |
| Girls | |

There is separate hostel accommodation for boys and girls.

(*c*) *Medical College Kottayam.*

| | |
|---|---|
| Boys | |
| Girls | Intake 60 yearly. |

There is hostel accommodation for boys and girls.

II. VETERINARY COLLEGE.

| | |
|---|---|
| Boy students | 216 |
| Girl students | 14 |

There is accommodation for all the 216 boy students and hostel facilities have been provided to all the girl students in a separate building of the College.

III. AGRICULTURE COLLEGE.

| | |
|---|---|
| Boy students | 193 |
| Girl students | 25 |

There is hostel accommodation for 240 boys and 25 girls.

V. ENGINEERING COLLEGES.

(*a*) *Engineering College, Trivandrum.*

| | |
|---|---|
| Boy students | 1183 |
| Girl students | 90 |

Hostel accommodation has been provided for 452 boys and 68 girls. There is a hostel exclusively for girls.

(*b*) *Engineering College, Trichur.*

| | |
|---|---|
| Boy students | 668 |
| Girl students | 28 |

Hostel accommodation has been provided for 236 boys. The building for the ladies hostel is nearing completion and will be ready for occupation next academic year.

V. AYURVEDA COLLEGES.

(*a*) *Ayurveda College, Trivandrum.*

| | |
|---|---|
| Boys | |
| Girls | Total 299 |

Hostel facilities are available for all the boys and girls.

(*b*) *Ayurveda College, Thripunithura.*

| | |
|---|---|
| Boys | |
| Girls | Total 130 |

There is no hostel accommodation for the students of the Ayurveda College, Thripunithura.

LIBRARY ARCHIVES Kerala Legislative Assembly